**MATHRUBHUMI - 10-10-2025**

# അന്റാർട്ടിക്കയിലേക്കുള്ള ഇന്ത്യൻ ശാസ്ത്ര പര്യവേക്ഷണത്തിൽ കൊച്ചിയിൽ നിന്ന് ശാസ്ത്രജ്ഞൻ

കൊച്ചി ▸ കൊച്ചിയിലെ ഐസിഎആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലെ (ഐസിഎആർ-സിഫ്റ്റ്) പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടോംസ് സി. ജോസഫ്, ഇന്ത്യയുടെ അന്റാർട്ടിക്കയിലേക്കുള്ള 45-ാമത് ശാസ്ത്ര പര്യവേക്ഷണത്തിന്റെ ഭാഗമാകാൻ തിരഞ്ഞെടുക്കപ്പെട്ടു.



ഡോ. ടോംസ് സി. ജോസഫ്

ഇന്ത്യാ ഗവൺമെന്റിന്റെ ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച് ആണ് 45-ാമത് ശാസ്ത്ര പര്യവേക്ഷണം സംഘടിപ്പിക്കുന്നത്. ഏറ്റവും ദുർബലമായ അന്റാർട്ടിക് ആവാസ വ്യവസ്ഥയിൽ മൈക്രോപ്ലാസ്റ്റിക്കുകൾ എങ്ങനെ രോഗകാരികളുടെയും ആന്റിമൈക്രോബിയൽ പ്രതിരോധ ജീനുകളുടെയും വാഹകരാകും എന്നതിനെക്കുറിച്ചാണ് ഡോ. ടോംസ് സി. ജോസഫ്, തന്റെ പര്യവേക്ഷണ വേളയിൽ ഗവേഷണം നടത്തുന്നത്.